# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3250** **19-06-2018 ൽ മറുപടിയ്ക്ക്**

## കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മൈനോറിറ്റി സ്റ്റഡീസ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | **ശ്രീ.പി.ഉബൈദുള്ള<br>,, സി.മമ്മൂട്ടി<br>,, പി.കെ.അബ്ദു റബ്ബ്** | | **ശ്രീ. കെ.ടി. ജലീൽ<br>(തദ്ദേശസ്വയംഭരണവുംന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)** |
| **(എ)** | സംസ്ഥാന വഖഫ് ബോർഡിന്റെ സഹകരണത്തോടെ മലപ്പുറം ജില്ലയിൽ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മൈനോരിറ്റി സ്റ്റഡീസ് സ്ഥാപിക്കുന്ന നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്;വിശദാംശം നൽകുമോ; | **(എ)** | ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ കീഴിലാണ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മൈനോറിറ്റി സ്റ്റഡി സെന്റർ ആരംഭിക്കുവാൻ നിലവിൽ ഉദ്ദേശിക്കുന്നത്. ഇതിനായി 2018-19 സാമ്പത്തികവർഷത്തിൽ രണ്ട് കോടി രൂപ ബഡ്ജറ്റിൽ അനുവദിച്ചിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| **(ബി)** | കേന്ദ്രം സ്ഥാപിക്കുന്നതിന് അനുയോജ്യമായ ഭൂമി കണ്ടെത്തിയിട്ടുണ്ടോ;ഇല്ലെങ്കിൽ ആനക്കയം വില്ലേജിൽ വഖഫ് ബോർഡ് ഉടമസ്ഥതയിലുള്ള പുള്ളിയലങ്ങാടി പ്രദേശത്ത് പ്രസ്തുത കേന്ദ്രം സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ; | **(ബി)** | മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി താലൂക്ക് വാഴയൂർ വില്ലേജിൽ സഫി കോളേജുകൾ സ്ഥിതി ചെയ്യുന്ന സഫി ( Social Advancement Foundation of India) ക്യാമ്പസിലെ സ്ഥലത്ത് നിന്നും അഞ്ച് ഏക്കർ ഭൂമി നിർദ്ദിഷ്ട മൈനോറിറ്റി സ്റ്റഡി സെന്റർ സ്ഥാപിക്കുന്നതിന് ഏറ്റെടുക്കുന്നതിനായി ഉദ്ദേശിക്കുന്നു. |
| **(സി)** | പ്രസ്തുത കേന്ദ്രം വഴി ന്യൂനപക്ഷ വിഭാഗങ്ങൾക്ക് എന്തെല്ലാം സേവനങ്ങളും ആനുകൂല്യങ്ങളുമാണ് ലഭിക്കുക;വിശദാംശം വ്യക്തമാക്കുമോ? | **(സി)** | ന്യൂനപക്ഷങ്ങളുടെ സമഗ്രവികസനത്തിനുതകുന്ന പഠനങ്ങളും പരിശീലനങ്ങളും, ഗവേഷണ പ്രവർത്തനങ്ങളും സെന്റർ വഴി നടത്തുവാൻ വിഭാവനം ചെയ്യുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ന്യൂനപക്ഷ ക്ഷേമത്തിനായുള്ള പദ്ധതികൾ ആവിഷ്കരിക്കുക, കാലിക്കറ്റ് യൂണിവേഴ്സിറ്റിയുമായി ചേർന്ന് പി.ജി., പി.എച്ച്.ഡി. കോഴ്സുകൾ ആരംഭിക്കുക , ന്യൂനപക്ഷങ്ങളുടെ കല, സംസ്കാരം, ഭാഷ എന്നിവ പരിപോഷിപ്പിക്കുന്നതിനുള്ള പഠനങ്ങൾ നടത്തുക, മദ്രസ്സാ അദ്ധ്യാപകർ അടക്കമുള്ള മത അദ്ധ്യാപകർക്ക് പരിശീലനം, ഡിപ്ലോമ കോഴ്സുകൾ, ഷോർട്ട് ടേം ട്രെയിനിങ്ങ് പ്രോഗ്രാം എന്നിവ നടത്തുവാൻ ഉദ്ദേശിക്കുന്നു.ന്യൂനപക്ഷങ്ങളുടെ സാമൂഹിക നിലവാരം അറിയുന്നതിനുള്ള സാമ്പത്തിക / വിദ്യാഭ്യാസ / ആരോഗ്യ / തൊഴിൽ സർവ്വേകൾ നടത്തുവാനും ഉദ്ദേശിക്കുന്നു. |

**സെക്ഷൻ ഓഫീസർ**